# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2647** **13.03.2020 ൽ മറുപടിക്ക്**

## കഞ്ഞിക്കുഴി ഫ്ലൈഓവർ

| **ചോദ്യം**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **മറുപടി**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിനാവശ്യമായ തുക ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയർ (ദേശീയപാത) സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്കായി എത്ര സെന്റ് ഭൂമി ഏറ്റെടുക്കേണ്ടി വരും; വിശദമാക്കാമോ;<br>(ബി) കാലതാമസം കൂടാതെ കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിനായി ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കാമോ;<br>(സി) പ്രസ്തുത പ്രവൃത്തി 2020-21 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) യും<br>(ബി)യും<br>(സി)യും | കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി ഫ്ലൈഓവർ നിർമ്മാണത്തിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനും ആവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ട്. നടപ്പാത, ഓട എന്നിവയുടെ നിർമ്മാണത്തിനായി 2000m$^2$ (49.42 സെന്റ്) ഭൂമി കൂടി ഏറ്റെടുക്കേണ്ടതായി വരും. ഇതിനായി കോട്ടയം സ്പെഷ്യൽ തഹസീൽദാർ എൽ.എ (ജനറൽ) ഏകദേശം 5,61,00,000/- രൂപ നഷ്ടപരിഹാര തുക കണക്കാക്കിയിട്ടുണ്ട്. ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ദേശീയപാത വിഭാഗം ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അത് ത്വരിതപ്പെടുത്താവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**